പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1485 10-02-2020-ലെ മറുപടിയ്ക്ക്

**വയനാട് ജില്ലയിൽ പ്രളയത്തിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കെ. ശശീന്ദ്രൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | 2018-ലെയും 2019-ലെയും പ്രളയത്തിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം വയനാട് ജില്ലയിൽ പൂർണമായും വിതരണം ചെയ്തോ; വിശദമാക്കാമോ; | (എ) | ഇല്ല. 2018-ലെ പ്രളയത്തിൽ സംസ്ഥാനത്തൊട്ടാകെ കുടിശ്ശിക തുകയായി 26 കോടി രൂപയും 2019-ലെ പ്രളയത്തിൽ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 44 കോടി രൂപയും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം 46.602873 കോടി രൂപയും അധികമായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എത്ര രൂപയുടെ നഷ്ടപരിഹാരം ഇതിനകം വിതരണം ചെയ്തു; ഇനി എത്ര രൂപയുടെ നഷ്ടപരിഹാരം വിതരണം ചെയ്യാനുണ്ട്; വിശദമാക്കാമോ? | (ബി) | 2018-19 സാമ്പത്തിക വർഷത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഇനത്തിൽ 25,99,84,556/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇനി 3,56,23,410/- രൂപ വിതരണം ചെയ്യാനുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ 9,48,06,883/- രൂപ വിതരണം ചെയ്യാനുണ്ട്. |

**സെക്ഷൻ ഓഫീസർ**